(എ) മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയിൽ മണൽവാരൽ ശക്തമായതുമൂലം ചെളിവന്നടിഞ്ഞ് കുടിവെള്ള പദ്ധതികൾക്ക് ഉപയോഗിക്കുന്ന മോട്ടോറുകൾ നിരന്തരം തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും കേടായ മോട്ടോർ പമ്പുകൾ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിനും ആവശ്യമായവ മാറ്റിസ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

പമ്പ് ഹൗസുകളിൽ ഓപ്പറേറ്റർമാരെ പി.എസ്.സി. വഴി നിയമിക്കുന്നതിന് നടപടി

116 (566) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പമ്പ് ഹൗസുകളിൽ കരാർ അടിസ്ഥാനത്തിൽ ഓപ്പറേറ്റർമാരെ താത്ക്കാലികമായി നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു മാനദണ്ഡമാണ് ഇതിനുസ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് പമ്പ് ഓപ്പറേറ്റർമാരുടെ എത്ര ഒഴിവുകളാണ് ഇപ്പോഴുള്ളത് ; ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ഓപ്പറേറ്റർമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടില്ല. നിലവിൽ സാംഗ്ഷൺഡ് തസ്തിക ഇല്ലാത്ത പമ്പ് ഹൗസുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ദിവസക്കൂലി അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നുണ്ട്. ഇതുകൂടാതെ കോൺട്രാക്ടർമാർ സപ്ലൈ ചെയ്യുന്ന ജോലിക്കാരെ ഉപയോഗിച്ചും പമ്പ് ഹൗസുകൾ പ്രവർത്തിപ്പിക്കാറുണ്ട്.

(സി) 37 ഒഴിവുകൾ ഉണ്ട്. ഇപ്പോൾ നിലവിലുള്ള 22 എൻജെഡി ഒഴിവുകളും 15 ഓപ്പൺ വേക്കൻസി ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ഒഴിവുകളെല്ലാംതന്നെ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി

117 (567) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2011 വരെ കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ ജില്ലയിലെ മൊകേരി പഞ്ചായത്തിൽ ആച്ചിലാട്ട്താഴെ പുഞ്ചക്കമാനം തോടിലെ മാക്കൂൽപീടിക നടക്കകത്ത് താഴവയൽമുതൽ വാച്ചാലിപ്പീടിക കുറുങ്ങോട് വാസു കൃഷിവയൽവരെ തോട് സംരക്ഷിക്കാൻ വേണ്ടി കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്താൻ അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയുടെ പുരോഗതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) മൊകേരി പഞ്ചായത്തിലെ ആച്ചിലാട്ട് താഴെ പുഞ്ചക്കമാനം തോടിന്റെ സംരക്ഷണ പ്രവൃത്തികൾക്കായുള്ള ഭരണാനുമതിക്കുവേണ്ടി 3.20 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് കണ്ണൂർ കാഡ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കാഡാ അഡ്മിനിസ്ട്രേറ്റർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.ഐ.പി. കനാലിന്റെ അറ്റകുറ്റപ്പണികൾ

118 (568) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ഐ.പി. കനാലിന്റെ ഈ വർഷത്തെ അറ്റകുറ്റപ്പണികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) വേനൽക്കാലത്ത് എന്നുമുതൽ കനാൽ തുറക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) വലത്-ഇടത് കര കനാലുകൾക്ക് പ്രത്യേക ചുമതലക്കാർ ഉണ്ടോ ; എങ്കിൽ ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥരാണ് പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly